കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) 187/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി,03-12-2016**

=====================================================================

പരാമർശം: 1. സ.ഉ.(പി)നം. 28/2016/ഫിൻ തിയതി 26.02.2016.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 06-10-2016 തീയതിയിലെ 16790/EGS-B/REGS/2015 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും കരാർ/ ദിവസവേതന ജീവനക്കാരുടെ വേതനം പരിഷ്കരിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്ത് കരാർ/ദിവസവേതന ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന വേതനവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ കരാർ ജീവനക്കാർക്ക് ലഭിക്കുന്ന വേതനവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ 2016 ജൂലൈ 12 ന് ചേർന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാന-ജില്ലാ ഓഫീസുകളിലും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ഭരണച്ചെലവ് ആകെ ചെലവിന്റെ 4% ൽ അധികരിക്കരുത് എന്ന വ്യവസ്ഥയിൽ വർദ്ധിപ്പിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു അതനുസരിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം(2) പ്രകാരം കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാന-ജില്ലാതല ഓഫീസുകളിലും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നിലവിലുള്ള വേതന നിരക്ക് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 01-11-2016 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

എ) ഇതിലേക്കാവശ്യമായ തുക പൂർണ്ണമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽനിന്നും കണ്ടെത്തേണ്ടതാണ്.

ബി) ഭരണച്ചെലവ് ഒരു വർഷത്തെ ആകെ ചെലവിന്റെ നാല് ശതമാനത്തിൽ അധികരിക്കാൻ പാടില്ല.

സി) നാല് ശതമാനത്തിൽ കൂടുതൽ തുക വേതനം നൽകുന്ന പഞ്ചായത്തുകളിൽ തസ്തികകളുടെ എണ്ണം സംബന്ധിച്ച് മിഷൻ ഡയറക്ടർ ഒരു വാർഷിക വിലയിരുത്തൽ നടത്തി തസ്തികകളുടെ എണ്ണത്തിൽ ക്രമീകരണം വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാ

**വി.കെ.ബേ**

**സ്പെഷ്യൽ സെക്രട്ട**

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | തസ്തിക | നിലവിലുള്ള ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|---|---|
| 1 | ഐ.റ്റി.പ്രൊഫഷണൽ (സംസ്ഥാനം) | 22,000/- | 29,500/- |
| 2 | ഐ.റ്റി.പ്രൊഫഷണൽ (ജില്ല) | 18,700/- | 25,000/- |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 16,500/- | 25,000/- |
| 4 | ഓവർസിയർ | 13,200/- | 18,500/- + 1,500/- റ്റി.എ |
| 5 | കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഇ.എഫ്.എം.എസ് | 13,200/- | 18,500/- |
| 6 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 13,200/- | 18,500/- |